ഗോതമ്പുവില

*൮൪൬. (൬൮) ശ്രീ. കെ. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗോതമ്പിന്റെ വില കുറയ്ക്കുവാൻ ആലോചനയുണ്ടോ?

(ബി) റേഷൻപ്രകാരമുള്ള ഗോതമ്പ് ഒരാഴ്ചത്തേക്ക് ഒന്നായി കൊടുക്കാത്തതുകൊണ്ട് ജനങ്ങൾ ബുദ്ധിമുട്ടുന്നുണ്ടെന്ന കാര്യം സർക്കാരിനറിയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ആലോചനയുണ്ട്.

(ബി) അറിയാം. ഗോതമ്പ് യഥാസമയം കിട്ടായ്കയാൽ ഒന്ന് എന്ന പ്രകാരം ഒന്നായി കൊടുക്കാൻ സാധിക്കാതെ വന്നതു്. കൂടുതൽ ഗോതമ്പ് തരുവാൻ ഇൻഡ്യാ ഗവൺമെന്റിനോടു് നിവേദനങ്ങൾ നടത്തിട്ടുണ്ടു്.

APPLICATIONS FOR PENSION

*846. [68] **Sri. A. K. George:** Will the Hon'ble Minister for Finance be pleased to state:

(*a*) has it come to the notice of Government that several persons who have retired from Government service have not yet received their pension, after several months or even years;

(*b*) if so, what are the steps taken in that direction;

(*c*) how many applications for pensions are still pending before Government;

(*d*) when were such applications filed by them?

Minister for Finance and Revenue [**Sri. A. J. John**]:

(*a*) Yes. Certain cases of delayed pensions have come to the notice of Government.

(*b*) Stringent instructions have been issued to the Departmental Heads not to cause any avoidable delay in the matter of settling pensions.

(*c*) None is pending with Government in the Finance Department. Probably a few may be pending with the Departmental Heads and in the Accountant-General's Office.

(*d*) Does not arise in view of the answer to (*c*) above.

ചേന്ദമംഗലം ഗവൺമെന്റാശുപത്രി

*൮൪൭. (൬൯) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചേന്ദമംഗലം ഗവൺമെന്റ് ആശുപത്രിയിൽ ഫാർമസിസ്റ്റ് ഇൻസ്പെക്ടറായി ചികിത്സിച്ചിട്ടുള്ളവരിൽ ആരെങ്കിലും ആശുപത്രിയിൽവെച്ച് മരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏത്ര?

ധനകാര്യവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്.

(ബി) പതിനാലു്.

PLAYGROUND FOR NARAKKAL HIGH SCHOOL

*848. [71] **Sri. M. I. Paul:** Will the Hon'ble Minister for Education be pleased to state:

(*a*) whether the Government have received several representations for a play ground for the Narakkal School; and

(*b*) if so, what action has been taken?

LIBRARY ARCHIVES Kerala Legislative Assembly